Kerala Homestay and Tourism Society
Reg. No. ER 99/08
*Registered under Travancore Cochin Charitable Societies Act*

ഏറെ പ്രോത്സാഹനങ്ങൾ വാഗ്ദാനം ചെയ്തു ടൂറിസം വകുപ്പ് കേരളത്തിൽ തുടക്കമിട്ട ഹോംസ്റ്റേകൾ ഇന്ന് ബന്ധപ്പെട്ടവരുടെ ശ്രദ്ധക്കുറവുമൂലം വലിയ പ്രതിസന്ധികളെ നേരിടുകയാണ്.

കേരളത്തിന്റെ തനതായ സംസ്കാരം, പ്രകൃതി, ആചാരങ്ങൾ, കുടുംബപശ്ചാത്തലം തുടങ്ങി പലതും സംരക്ഷിച്ച്, പരിപാലിച്ച് വിദേശ സ്വദേശസഞ്ചാരികൾക്കായി പരിചയപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിക്കുന്ന, കേരളത്തിലെ ഹോംസ്റ്റേ സംരംഭത്തെ ധനകാര്യവകുപ്പിന്റെ ടാക്സ് വിഭാഗം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, പോലീസ്, പരിസ്ഥിതിവകുപ്പ്, ലേബർ ഡിപ്പാർട്ട്മെന്റ്, സെൻട്രൽ എക്സൈസ് തുടങ്ങി ഒട്ടുമിക്ക വകുപ്പുകളും വിവിധ നികുതികൾ ചുമത്തിയും അനാവശ്യ നിബന്ധനകൾ പറഞ്ഞു ഞെക്കികൊല്ലുന്ന അവസ്ഥയിലാണ്.

ഹോം സ്റ്റേ / സർവ്വിസ്ഡ് വില്ലകൾ നേരിടുന്ന പ്രശ്നങ്ങൾ സംസ്ഥാന ടൂറിസം വകുപ്പിനെ സമയാസമയങ്ങളിൽ അറിയിച്ചിട്ടും കേരളത്തിലെ ടൂറിസം രംഗത്ത് ഏറെ പ്രോത്സഹാനം നൽകേണ്ട ഈ സംരംഭത്തെ തളർത്തുന്ന സമീപനമാണ് നമ്മു ടൂറിസം വകുപ്പ് സ്വീകരിക്കുന്നത്.

മറ്റു സംസ്ഥാനങ്ങൾ ഹോംസ്റ്റേ രംഗത്ത് നമ്മളേക്കാൾ ഏറെ മുന്നോക്കം പൊയ്കൊണ്ടിരിക്കുകയാണ്. അവിടുത്തെ ടൂറിസം വകുപ്പ് ഈ മേഖലയെ കാര്യമായി സഹായിക്കുമ്പോൾ കേരളത്തിലെ ഹോംസ്റ്റേ സംരംഭകരുടെ പ്രശ്നങ്ങൾ തീർക്കാൻ ടൂറിസം വകുപ്പിനു സമയമില്ലാത്ത അവസ്ഥയാണ്.

പുതിയ ക്ലാസ്സിഫിക്കേഷനും, പഴയത് പുതുക്കാനും മാസങ്ങളോളം DTPC യിലും ടൂറിസം വകുപ്പിലും മറ്റു കയറി ഇറങ്ങേണ്ട ധുരവസ്ഥയാണ്. ന്യായമായ സർട്ടിഫിക്കറ്റുകൽ ലഭിക്കൽ, മറ്റുള്ളവരെക്കൊണ്ട് ശുപാർശ ചെയ്യിപ്പിക്കേണ്ട അവസ്ഥയിലാണ്. കൂടാതെ പോലീസ് വകുപ്പിൽ നിന്നും; തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതൊക്കെ പരിഹരിക്കണം, ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകൾക്കും റിസോട്ടുകൾക്കും സൗകര്യമൊരുക്കുമ്പോൾ ഹോംസ്റ്റേകളോടു ഒരു ചിറ്റമ്മനയമാണ് ടൂറിസം വകുപ്പ് കാണിക്കുന്നത്.

## സമ്മേളനം സർക്കാരിനോടാവശ്യപ്പെടുന്ന കാര്യങ്ങൾ

1) 2008ലെ ധനകാര്യ ബില്ലിൽ ഹോംസ്റ്റേകൾക്ക് ഏർപ്പെടുത്തിയ 0.5% Luxury Tax പൂർണ്ണമായി പിൻവലിക്കണം.

2) ഹോട്ടലുകൾക്കും, റിസോർട്ടുകൾക്കുമുള്ളതുപോലെ ഹോംസ്റ്റേകൾക്കും, സർവ്വീസ്ഡ് വില്ലകൾക്കും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തണം.

3) ക്ലാസ്സിഫിക്കേഷനു DTPCകളിൽ അപേക്ഷകൾ കൊടുത്താൽ മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നു. അപേക്ഷിച്ച് 1 മാസത്തിനകം ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.

4) ക്ലാസിഫിക്കേഷൻ 2 വർഷത്തിൽ ഒരിക്കൽ പുതുക്കുന്നത് 5 വർഷത്തിലൊരിക്കലാക്കണം.

......2..

Patron - Prof. K.V. Thomas (Minister of State for Consumer Affairs, Food & Public Distribution)
Director - M.P. Sivadathan (Former Panchayath President, Kumbalangi) Mob : 93492 53124
Technical Expert - Dr. K. Muraleedhara Menon (Former Director, Hydel Tourism, Govt. of Kerala) Mob : 93878 12067
Avittom, 16/239 C, Main Road, Tripunithura - 682 301, Ernakulam, Kerala, E-mail : keralahats@gmail.com
www.homestaykerala.org

5) ക്ലാസിഫിക്കേഷൻ പുതുക്കുന്ന ഫോർമാലിറ്റികൾ ലഘുകരിക്കണം. അതത് DTPCകളിൽ നിന്നുതന്നെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യണം. അപേക്ഷിച്ച് 15 ദിവസത്തിനകം പുതുക്കൽ സർട്ടിഫിക്കറ്റുകൾ DTPCകളിൽ നിന്നുതന്നെ സംരംഭർക്ക് നൽകാൻ ഉത്തരവിറക്കണം.

6) ഏതാണ് അംഗീകൃതം ഏതാണ് അനധികൃത ഹോസ്റ്റേകൾ/സർവ്വീസ്ഡ് വില്ലകൾ എന്നു വ്യക്തമാക്കുന്ന ഉത്തരവ് ഇറക്കി, കേരള സംസ്ഥാനത്ത് ടൂറിസം ഇതര വകുപ്പുകൽക്കു നൽകണം. പ്രത്യേകിച്ച് ആഭ്യന്തരവകുപ്പിന്.

7) ക്ലാസിഫിക്കേഷൻ എടുക്കാതെ ഹോംസ്റ്റേ എന്ന ബോർഡ് വെച്ച് ബിസ്സിനസ്സ് നടത്തുന്നവർക്കെതിരെ നിയമപരമായ നടപടി എടുക്കാൻ ഉത്തരവിറക്കണം.

8) സംസ്ഥാനത്തെ എല്ലാ അനധികൃത ഹോംസ്റ്റേകളും അടച്ചുപൂട്ടാൻ പോലീസിന് നിർദ്ദേശം നൽകണം.

9) നിലവിൽ 1 മുറി മുതൽ 6 മുറി വരെയാണല്ലോ ഹോംസ്റ്റേകൾക്ക് നിശ്ചയിച്ചിരിക്കുന്ന റൂമുകളുടെ എണ്ണം. ഇതിനെ 2 സ്ലാബുകളായി തിരിക്കണം. 1 മുതൽ 3 വരെ ഒരു സ്ലാബും. 4 മുതൽ 6 വരെ മറ്റൊരു സ്ലാബുമാക്കണം. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 1 മുതൽ 3 വരെയുള്ള മുറികളോടുകൂടിയ ഹോംസ്റ്റേ നടത്തുന്നവർക്ക് എല്ലാ നികുതികളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണം. ഇത് നികുതി ഇതര സംരംഭമായി പ്രഖ്യാപിച്ച് മറ്റു സംസ്ഥാനങ്ങളെപ്പോലെ പ്രോത്സാഹിപ്പിക്കണം. 4 മുതൽ 6 വരെ ഏകനികുതി സമ്പ്രദായം നടപ്പിലാക്കണം.

10) സർക്കാർ അതിഥികൾക്ക് ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ലകളിൽ താമസിക്കുന്നതിന് ആവശ്യമായ ഉത്തരവ് നൽകണം.

11) ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല ക്ലാസ്സിഫിക്കേഷൻ ജില്ലാതല കമ്മിറ്റിയിൽ Kerala Home Stay and Toruism Societyയുടെ ഒരു പ്രതിനിധിയെ വീതം ഉൾപ്പെടുത്താൻ ഉത്തരവുണ്ടാകണം.

12) മാർക്കറ്റിങ്ങ് മെച്ചപ്പെടുത്തുന്നതിനായി ടൂറിസം വകുപ്പ് പങ്കെടുക്കുന്ന വിദേശ/സ്വദേശ റോഡ് ഷോകളിൽ Kerala Hats നെ സൗജന്യമായി പങ്കെടുപ്പിക്കണം.

13) KWA ഇപ്പോൾ ചുമത്തിവരുന്ന വ്യവസായ നിരക്കിലുള്ള വെള്ളക്കരം ഗാർഹിക നിരക്കിലാക്കാൻ നടപടി സ്വീകരിക്കണം.

14) ഹോംസ്റ്റേകൾ ടൂറിസം വകുപ്പിൽ നിന്നും ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റുകൽ വാങ്ങിയാൽ പിന്നെ മറ്റു വകുപ്പുകൾ വേറൊരു ലൈസൻസ് നൽകുന്നത് ഒഴിവാക്കണം (തദ്ദേശ സ്വയംഭരണ വകുപ്പ് ഇപ്പോൾ പ്രത്യേകം ലൈസൻസ് ചുമത്തിവരുന്നു)

15) ടൂറിസം ഡെസ്റ്റിനേഷനുകളിൽ സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ തദ്ദേശസ്വയംഭരണവകുപ്പുകൽക്കു നിർദ്ദേശം നൽകണം.

16) മൂന്നാർ ഉൾപ്പെടെയുള്ള എല്ലാ ടൂറിസം സെന്ററുകളിലും അതത് പ്രദേശത്തിനു ഇണങ്ങുന്ന രീതിയിലും നിലവിലുള്ള കാലാവസ്ഥക്ക് വ്യതിയാനം വരാത്ത രീതിയിൽ മാത്രമേ കോൺക്രീറ്റ് ബഹുനില കെട്ടിടങ്ങൾ പണിയാൻ അനുവാദം കൊടുക്കാൻ പാടുള്ളു. ഇത്തരം മേഖലയിൽ ടൂറിസം വകുപ്പു നടത്തിയിട്ടുള്ള പരിസ്ഥിതി പഠനങ്ങൾ നടപ്പിലാക്കണം. പരിസ്ഥിതി സംരക്ഷിക്കാൻ മൂന്നാർ ഉൾപ്പെടെയുള്ള ടൂറിസം സെന്ററുകളിലെ പഞ്ചായത്തുകൾക്ക് കർശനനിർദ്ദേശം നൽകണം.

എന്ന് വിശ്വാസപൂർവ്വം,

17-05-2013
കൊച്ചി

**പി. എൻ. പ്രസന്നകുമാർ**
ചെയർമാൻ

**എം. പി. ശിവദത്തൻ**
ഡയറക്ടർ

93492 53124
sivadattan@gmail.com